**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2070** **21-06-2024 - ൽ മറുപടിയ്ക്ക്**

**പ്രകൃതിക്ഷോഭം നേരിട്ടവർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ നിലവിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ശക്തമായ മഴയിലും കാറ്റിലും ഉരുൾപൊട്ടലിലും പ്രകൃതിക്ഷോഭങ്ങളിലുമുണ്ടായ നാശനഷ്ടങ്ങൾ, മരണങ്ങൾ, വീട് നഷ്ടപ്പെട്ടവർ, കൃഷിനാശം സംഭവിച്ചവർ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ നിലവിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ശക്തമായ മഴയിലും കാറ്റിലും ഉരുൾപൊട്ടലിലും പ്രകൃതിക്ഷോഭം മൂലം 324 മരണങ്ങളും, 34158 പേർക്ക് ഭവന നാശവും 552478 പേർക്ക് കൃഷിനാശം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതുമൂലം സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക ബാധ്യത എത്രയെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | ജില്ലാ കളക്ടർ ലഭ്യമാകുന്ന റിപ്പോർട്ടിന്റെയും വിവിധ വകുപ്പുകൾ കണക്കാക്കി നൽകുന്ന നാശനഷ്ടത്തിന്റെയും അടിസ്ഥാനത്തിൽ സാമ്പത്തിക ബാധ്യത തിട്ടപ്പെടുത്തി വരുന്നു. അംഗീകൃത ദുരന്തങ്ങൾ സംഭവിച്ചാൽ മാത്രമേ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ധനസഹായം ആവശ്യപ്പെട്ട് സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിനെ സമീപിക്കുവാൻ സാധിക്കുകയുള്ളു. |
| (സി) | ആവശ്യപ്പെട്ട പ്രകാരമുള്ള കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അത് ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (സി) | ജില്ലാ കളക്ടർ ലഭ്യമാകുന്ന റിപ്പോർട്ടിന്റെയും വിവിധ വകുപ്പുകൾ കണക്കാക്കി നൽകുന്ന നാശനഷ്ടത്തിന്റെയും അടിസ്ഥാനത്തിൽ സാമ്പത്തിക ബാധ്യത തിട്ടപ്പെടുത്തി വരുന്നു. അംഗീകൃത ദുരന്തങ്ങൾ സംഭവിച്ചാൽ മാത്രമേ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ധനസഹായം ആവശ്യപ്പെട്ട് സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിനെ സമീപിക്കുവാൻ സാധിക്കുകയുള്ളു. |
| (ഡി) | ഈ സർക്കാർ വന്നശേഷം നാളിതുവരെ ദുരന്തനിവാരണ ഇനത്തിൽ നഷ്ടപരിഹാരമായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നു വിശദമാക്കാമോ; | (ഡി) | ഈ സർക്കാർ വന്നശേഷം നാളിതുവരെ ദുരന്തനിവാരണ പ്രവർത്തങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>വർഷം \| തുക(കോടിയിൽ)<br>2021-22 \| 749.49<br>2022-23 \| 459.71 |

<table>
<tr><td></td><td></td><td></td><td><table><tr><td>2023-24</td><td>166.27</td></tr><tr><td>2024-25</td><td>10.66</td></tr></table></td></tr>
<tr><td>(ഇ)</td><td>കേന്ദ്രസഹായത്തിൽ നിന്നും ഈയിനത്തിൽ ലഭ്യമായ തുകയിൽ ഇനി എത്ര തുക വിതരണം ചെയ്യാനുണ്ടെന്ന് വെളിപ്പെടുത്താമോ?</td><td>(ഇ)</td><td>സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ കേന്ദ്ര വിഹിതവും (75%) സംസ്ഥാന വിഹിതവും (25%) ചേർത്ത് നിലവിൽ നീക്കിയിരിപ്പുള്ള തുക 384.32 കോടി രൂപയാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡ പ്രകാരമുള്ള ധനസഹായം അപേക്ഷകൾ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ പരിശോധിച്ച് ജില്ലാ കളക്ടർമാർ മുഖേന വിതരണം ചെയ്തു വരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ